**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5611** | **13-08-2021 - ൽ മറുപടിയ്ക്ക്**

**കാരിക്കോട് ഡിസ്ട്രിബ്യൂട്ടറി സബ്കനാൽ പൂർത്തീകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ മുടങ്ങിക്കിടക്കുന്ന കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ സബ്കനാൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | കാരിക്കോട് ഡിസ്ട്രിബ്യൂട്ടറി കനാലിന്റെ മുടങ്ങിക്കിടക്കുന്ന നാല് റീച്ചുകളുടെ പണികൾ പൂർത്തീകരിക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം സാങ്കേതിക തടസ്സങ്ങൾ നീക്കികൊണ്ടിരിക്കുന്നു. കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ രണ്ടാമത്തെയും അഞ്ചാമത്തെയും റീച്ചുകളുടെ നിലവിലെ കരാറുകാരന്റെ പ്രവൃത്തികൾ ക്രമീകരിക്കുന്നതിനായിട്ടുള്ള റീവൈസ്ഡ് എസ്റ്റിമേറ്റ് പരിശോധിച്ചു വരുന്നു. മൂന്നാമത്തെ റീച്ചിന്റെ റീവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിക്കുകയും നിലവിലുള്ള കരാറുകാരനെ നഷ്ടോത്തരവാദിത്വത്തിൽ അല്ലാതെ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. ആറാമത്തെ റീച്ചിന്റെ കരാറുകാരനെ പ്രവൃത്തിയിൽ നിന്ന് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ടെക്നിക്കൽ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം പൂർത്തീകരിക്കുവാനുള്ള നാല് റീച്ചുകൾ ഒറ്റ പ്രവൃത്തിയായി പൂർത്തീകരിക്കുവാനുള്ള സാധ്യതയും പരിശോധിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിനായി മന്ത്രിതല യോഗത്തിന്റെ തീരുമാനപ്രകാരം ആവശ്യമായ ഡി.പി.ആർ, എം.വി.ഐ.പി. സൂപ്രണ്ടിംഗ് എഞ്ചിനീയർ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി) | ഫയൽ പരിശോധനയിൽ മന്ത്രിതല യോഗം കൂടിയിട്ടുള്ളതായി കാണുന്നില്ല. ആറ് റീച്ചുകളിൽ ഒന്നാമത്തെയും, നാലാമത്തെയും റീച്ചുകളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. 2,5 എന്നീ റീച്ചുകളുടെ കരാറുകാർ ചെയ്ത പ്രവൃത്തികൾ ക്രമീകരിക്കുന്നതിനുള്ള റീവൈസ്ഡ് എസ്റ്റിമേറ്റ് പരിശോധിച്ചു വരുന്നു. മൂന്നാമത്തെ റീച്ചിന്റെ റീവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിക്കുകയും നിലവിലുള്ള കരാറുകാരനെ നഷ്ടോത്വരവാദിത്വത്തിൽ അല്ലാതെ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. ആറാമത്തെ റീച്ചിന്റെ കരാറുകാരനെ പ്രവൃത്തിയിൽ നിന്ന് |

| | | | |
|---|---|---|---|
| | | | ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇനിയും പൂർത്തീകരിക്കാത്ത 4 റീച്ചുകളിലെ 2,5 റീച്ചുകളുടെ റിവൈസ്ഡ് എസ്റ്റിമേറ്റുകൾക്ക് അംഗീകാരം ലഭിച്ചതിനുശേഷം ഓരോ റീച്ചിലേയും അത്യാവശ്യമായി ചെയ്യേണ്ടതായ പണികളെല്ലാം ഉൾപ്പെടുത്തി, നിലവിലെ നിരക്ക് (ഡി.എസ്.ആർ -2016) പ്രകാരം സിംഗിൾ വർക്കായി പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ 29/04/2020ൽ ചേർന്ന ടെക്നിക്കൽ കമ്മിറ്റിയിൽ തീരുമാനിച്ചു. |
| (സി) | 2011-12 കാലഘട്ടത്തിൽ എഗ്രിമെന്റ് വച്ച ആറ് റീച്ചുകളുടെയും നിർമ്മാണ പുരോഗതി വിവരിക്കാമോ; ഇപ്പോൾ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; മുടങ്ങിക്കിടക്കുന്ന പണികൾ പൂർത്തീകരിക്കാൻ വകുപ്പുതലത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (സി) | ഫയൽ പരിശോധനയിൽ മന്ത്രിതല യോഗം കൂടിയിട്ടുള്ളതായി കാണുന്നില്ല. ആറ് റീച്ചുകളിൽ ഒന്നാമത്തെയും, നാലാമത്തെയും റീച്ചുകളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. 2,5 എന്നീ റീച്ചുകളുടെ കരാറുകാർ ചെയ്ത പ്രവൃത്തികൾ ക്രമീകരിക്കുന്നതിനുള്ള റീവൈസ്ഡ് എസ്റ്റിമേറ്റ് പരിശോധിച്ചു വരുന്നു. മൂന്നാമത്തെ റീച്ചിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിക്കുകയും നിലവിലുള്ള കരാറുകാരനെ നഷ്ടോത്തരവാദിത്വത്തിൽ അല്ലാതെ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. ആറാമത്തെ റീച്ചിന്റെ കരാറുകാരനെ പ്രവൃത്തിയിൽ നിന്ന് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇനിയും പൂർത്തീകരിക്കാത്ത 4 റീച്ചുകളിലെ 2,5 റീച്ചുകളുടെ റിവൈസ്ഡ് എസ്റ്റിമേറ്റുകൾക്ക് അംഗീകാരം ലഭിച്ചതിനുശേഷം ഓരോ റീച്ചിലേയും അത്യാവശ്യമായി ചെയ്യേണ്ടതായ പണികളെല്ലാം ഉൾപ്പെടുത്തി, നിലവിലെ നിരക്ക് (ഡി.എസ്.ആർ -2016) പ്രകാരം സിംഗിൾ വർക്കായി പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ 29/04/2020ൽ ചേർന്ന ടെക്നിക്കൽ കമ്മിറ്റിയിൽ തീരുമാനിച്ചു. |
| (ഡി) | മുളക്കുളം പഞ്ചായത്തിൽ മുടങ്ങിക്കിടക്കുന്ന പദ്ധതി പണികൾ കാരണം ജനങ്ങൾ ദുരിതത്തിലായിരിക്കുന്ന അവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തുമോ; കനാൽ മുറിച്ചിട്ടിരിക്കുന്നതു മൂലം വിവിധ സ്ഥലങ്ങളിൽ അപകടാവസ്ഥ നിലനിൽക്കുന്ന സാഹചര്യം പരിഹരിക്കുന്നതിന് ജലസേചന വകുപ്പ് എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (ഡി) | മുളക്കുളം പഞ്ചായത്തിൽ മുടങ്ങിക്കിടക്കുന്ന കനാലിന്റെ അപകടാവസ്ഥ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഇ) | നവീന സാങ്കേതിക രീതി ഉപയോഗിച്ച് കാരിക്കോട് ഉപകനാൽ പൂർത്തിയാക്കുന്നതിന് മുൻഗണന നൽകുമോ; | (ഇ) | മുൻഗണന നൽകുന്നതാണ്. |
| (എഫ്) | കനാൽ ബണ്ട് റോഡുകൾ പലഭാഗത്തും തകർന്ന് കിടക്കുന്നത് നന്നാക്കുവാൻ നടപടി സ്വീകരിക്കുമോ; വിവിധ സ്ഥലങ്ങളിൽ പരിഗണിക്കാനുള്ള മിസ്സിംഗ് | (എഫ്) | ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മിസ്സിംഗ് ലിങ്ക് ഉൾപ്പെടെ തകർന്നുകിടക്കുന്ന കനാൽ ബണ്ട് |

| | | | |
|---|---|---|---|
| | ലിങ്കിന്റെ ഭാഗങ്ങളിൽ ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ തൃപ്തികരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ? | | റോഡുകൾ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ